# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ദിവ്യാങ്കരോടുള്ള സമൂഹത്തിൻറെ ഇടപെടലുകളിൽ നിന്ന് രാജ്യത്തിൻറെ പുരോഗതി അളക്കാൻ കഴിയുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Draupadi Murmu said that the progress of the country can be measured from the society's interactions with Divyankar

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ജമ്മു കാശ്മീരിലെത്തി. 1500 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും.

   Prime Minister Narendra Modi arrived in Jammu and Kashmir on a two-day visit. 1500 crore development projects will be initiated.

3. പത്താമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തിന് പ്രധാനമന്ത്രി നാളെ ശ്രീനഗറിൽ നേതൃത്വം നൽകും.

   The Prime Minister will preside over the 10th International Yoga Day in Srinagar tomorrow

4. നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് വിവിധ ഹൈക്കോടതിയിലുള്ള കേസുകളിലെ നടപടികൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി.

   The Supreme Court has stayed the proceedings in various High Court cases related to the NEET question paper leak.

5. മാനന്തവാടി എം എൽഎ ഒ ആർ കേളു സംസ്ഥാന മന്ത്രിസഭയിലേക്ക്.

   Mananthavadi MLA OR Kelu to be included in kerala cabinet

6. ICC ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എയിറ്റ് മത്സരത്തിൽ ഇന്ത്യ അഫ്ഗാനിസ്ഥാൻ മത്സരം അൽപ സമയത്തിനകം

India vs Afghanistan match in ICC Twenty20 World Cup Cricket Super Eight match soon.

## PRESIDENT-DIVYANG STUDENTS

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിലെ ദിവ്യാങ്കർക്കായുള്ള Pandit Deendayal Upadhyaya National Institute സന്ദർശിച്ചു. സന്ദർശന വേളയിൽ കുട്ടികളുമായി സംവദിച്ച രാഷ്ട്രപതി അവരുടെ കലാപരിപാടികൾക്കും സാക്ഷ്യം വഹിച്ചു. ഒരു രാജ്യത്തെയോ സമൂഹത്തിലെയോ ജനങ്ങൾ ദിവ്യാംഗരോട് ഇടപെടുന്ന രീതിയിൽ നിന്ന് ആ രാജ്യത്തിന്റെയോ സമൂഹത്തിൻ്റെയോ പുരോഗതി അളക്കാൻ കഴിയുമെന്ന് സ്ഥാപനത്തിൽ സംഘടിപ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്യവേ രാഷ്ട്രപതി പറഞ്ഞു. ദിവ്യാങ്കരുടെ സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിനായി ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും രാഷ്ട്രപതി അഭിനന്ദിച്ചു.

## PM SRINAGAR

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ജമ്മുകശ്മീരിലെത്തി. ശ്രീനഗറിൽ 1,500 കോടി രൂപയുടെ 84 വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി അൽപസമയത്തിനകം തുടക്കമിടും. യുവജന ശാക്തീകരണ പരിപാടിയിലും അദ്ദേഹം പങ്കെടുക്കും. ജമ്മു കശ്മീരിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള 1,800 കോടി രൂപയുടെ പദ്ധതിയും അദ്ദേഹം ഉദ്ഘാടനം ചെയ്യും. പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണത്തിനും പ്രധാനമന്ത്രി നാളെ ശ്രീനഗറിൽ നേതൃത്വം നൽകും. വിപുലമായ ക്രമീകരണങ്ങളാണ് ശ്രീനറിലെ ഷേർ-ഇ-

കശ്മീർ അന്താരാഷ്ട്ര കൺവെൻഷൻ സെൻററിൽ പരിപാടിയ്ക്കായി ഒരുക്കിയിട്ടുള്ളത്. വിദ്യാർത്ഥികളും, സമൂഹത്തിൻറെ നാനാ തുറകളിൽ നിന്നുള്ള നിരവധിപ്പേരും പ്രധാനമന്ത്രിയ്ക്കൊപ്പം നാളെ യോഗാഭ്യാസ പരിപാടിയിൽ പങ്കെടുക്കും. യോഗ, വ്യക്തിയ്ക്കും, സമൂഹത്തിനും എന്ന പ്രമേയത്തെ അടിസ്ഥാന മാക്കിയാണ് പത്താമത് അന്താരാഷ്ട്ര യോഗാ ദിനാചരണം സംഘടിപ്പിക്കുന്നത്. വിവിധ വിദേശരാജ്യങ്ങളിലും, രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും നാളെ യോഗാ ദിനാ ചരണം വിപുലമായ രീതിയിൽ നടക്കും.

## YOGA

കേരളത്തിൽ ആയുഷ് വകുപ്പിൻറെയും നാഷണൽ ആയുഷ് മിഷൻ കേരളയുടെയും ആഭിമുഖ്യത്തിൽ നാളെ നടക്കുന്ന അന്താരാഷ്ട്ര യോഗ ദിനാചരണം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തി ലാണ് പരിപാടി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും യോഗാദിന ത്തോടനുബന്ധിച്ച് നാളെ നിരവധി പരിപാടികൾ നടക്കുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയം കോവളത്തെ, കേരള ആർട്ട് ആന്റ് ക്രാഫ്റ്റ്സ് വില്ലേജിൽ രാവിലെ സംഘടിപ്പിക്കുന്ന യോഗാഭ്യാസ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കും. അന്താരാഷ്ട്ര യോഗ ദിനാചരണ ത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പരിപാടികൾ സംഘടിപ്പിച്ചു.

## SC NEET

നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രാജ്യത്തെ വിവിധ ഹൈക്കോടതികളിൽ ഉള്ള ഹർജികളിലെ നടപടികൾ

സുപ്രീം കോടതി സ്റ്റേ ചെയ്തു. വിഷയത്തിലെ കേസുകൾ എല്ലാം സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്നും നീറ്റ് പരീക്ഷ തന്നെ റദ്ദാക്കണമെന്നുമുള്ള ഹർജികൾ ജൂലൈ 8 ന് വീണ്ടും പരിഗണിക്കും. നേരത്തെ 1563 വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകിയത് സുപ്രീം കോടതി റദ്ദാക്കിയിരുന്നു.

## NEET-NHAI CLARIFICATION

നീറ്റ് ചോദ്യ പേപ്പർ ചോർന്ന കേസിലെ ആരോപണ വിധേയർ ബിഹാറിലെ പാട്നയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അതിഥി മന്ദിരത്തിൽ താമസിച്ചെന്ന മാധ്യമ വാർത്തകൾ തെറ്റിദ്ധാരണാജനകമെന്ന് അധികൃതർ അറിയിച്ചു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൻറെ നോഡൽ ഏജൻസിയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. സ്ഥാപനത്തിന് പാട്നയിൽ അതിഥി മന്ദിരം ഇല്ലെന്ന്അധികൃതർ വ്യക്തമാക്കി.

## O R KELU

മാനന്തവാടി എം.എൽ.എ ഒ.ആർ കേളു സംസ്ഥാന മന്ത്രിസഭ യിലേക്ക്. പട്ടിക ജാതി- പട്ടിക വർഗ ക്ഷേമ വകുപ്പിൻറെ ചുമതല യായിരിക്കും അദ്ദേഹത്തിന് നൽകുക. നിയുക്ത എംപി കെ രാധാകൃഷ്ണൻ മന്ത്രിസ്ഥാനം രാജിവച്ചതിനെ തുടർന്നാണ് തീരുമാനം. ശ്രീ കെ.രാധാകൃഷ്ണൻ കൈകാര്യം ചെയ്തിരുന്ന ദേവസ്വം വകുപ്പിൻറെ ചുമതല മന്ത്രി വി.എൻ വാസവനും, പാർലമെൻററി കാര്യ വകുപ്പ്, മന്ത്രി എം.ബി രാജേഷിനും നൽകിയേക്കും.

## REV. NIRMALA- PRE BUDGET

ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന രണ്ടാമത് യോഗ ത്തിൽ സാമ്പത്തിക-മൂലധന വിപണന മേഖലയിലെ വിദഗ്ധരും മൂന്നാമത് യോഗത്തിൽ വ്യവസായ പ്രമുഖരും അസോസിയേഷനുകളും പങ്കെടുത്തു. 2024-25 ലെ പൊതു ബജറ്റുമായി ബന്ധപ്പെട്ടാണ് യോഗം നടന്നത്. യോഗത്തിൽ കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ധനകാര്യ സെക്രട്ടറി, വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ, മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് എന്നിവരും പങ്കെടുത്തു. കഴിഞ്ഞ ദിവസം പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ബജറ്റിന് മുമ്പുള്ള ആദ്യഘട്ട കൂടിയാലോചനയിലും മന്ത്രി അധ്യക്ഷ യായിരുന്നു.

## CRICKET

ICC ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എയിറ്റ് മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. ബ്രിഡ്ജ് ടൗണിൽ രാത്രി എട്ടുമണിക്കാണ് മത്സരം ആരംഭിക്കുക .

## FOOTBALL (INTRO)

കോപ്പ അമേരിക്കക്ക് നാളെ തുടക്കം. ആദ്യ മത്സരത്തിൽ അർജൻറീന കാനഡയെ നേരിടും.
വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു
(വോയ്സ്)

## CRIMINAL LAWS

പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്ത മാസം ഒന്നു മുതൽ പ്രാബല്യത്തിൽ വരും. പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ എൻസിആർബി സംഗലൻ ഓഫ് ക്രിമിനൽ ലോസ് എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും ആപ്പ് ലഭ്യമാകും.

## GIRIRAJ- TEXTILE MEETING

കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിംഗ് ന്യൂഡൽഹിയിൽ ടെക്സ്റ്റൈൽ വ്യാവസായിക കൗൺസിൽ പ്രതിനിധികളുമായി സംവദിച്ചു. ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത അദ്ദേഹം, മേഖലയെ ഉത്തേജിപ്പിക്കുന്നതിന് വിശദമായ നിർദേശങ്ങൾ മുന്നോട്ടു വയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയായി ചുമതലയേറ്റ ശേഷം കൗൺസിൽ പ്രതിനിധി കളുമായുള്ള ശ്രീ ഗിരിരാജ് സിംഗിൻറെ ആദ്യ കൂടിക്കാഴ്ച യായിരുന്നു ഇത്.

## COAL MINISTER

കേന്ദ്ര കൽക്കരി, ഖനി വകുപ്പ് മന്ത്രി ജി. കിഷൻ റെഡ്ഡി ഇന്ന് ന്യൂഡൽഹിയിൽ രാജ്യത്തെ വ്യാവസായിക കൽക്കരി ബ്ലോക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്തു. കൽക്കരി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. അനുവദിച്ചിട്ടുള്ള കൽക്കരിപ്പാടങ്ങൾ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമം ആക്കുന്നതിനുള്ള നടപടികൾ വേഗത്തി

ലാക്കാൻ സംസ്ഥാന സർക്കാരും പരിസ്ഥിതി, വനം, മന്ത്രാലയവും ഉൾപ്പെടെ എല്ലാ പങ്കാളികളുമായും യോജിച്ചു പ്രവർത്തിക്കണം എന്ന് യോഗത്തിൽ മന്ത്രി പറഞ്ഞു. ഇറക്കുമതി കുറച്ച് കൽക്കരിയിൽ സ്വയംപര്യാപത കൈ വരിക്കുന്നതിന് കൽക്കരിയുടെ ഉൽപ്പാദനം ഉയർത്തേണ്ടതു ണ്ടെന്നും ഇതിനായി സംസ്ഥാന തലത്തിൽ ശേഷി വർധിപ്പി ക്കേണ്ടതുണ്ടെന്നും മന്ത്രി നിർദേശിച്ചു. 575 മെട്രിക് ടൺ ശേഷിയുള്ള 161 കൽക്കരി ഖനികളാണ് കൽക്കരി മന്ത്രാലയം ഇതുവരെ ലേലം ചെയ്തത്. ഇതിൽ 58 ഖനികൾക്ക് പ്രവർത്തന അനുമതി ലഭിച്ചിട്ടുണ്ട്. 54 ഖനികൾ പ്രവർത്തനക്ഷമവുമാണ്. കഴിഞ്ഞ വർഷം ഈ ഖനികൾ ആകെ 147 മെട്രിക് ടൺ കൽക്കരി ഉത്പാദിപ്പിച്ചു, ഇത് രാജ്യത്തിൻ്റെ മൊത്തം കൽക്കരി ഉൽപാദനത്തിൻ്റെ 15% വരും.

## WHEAT AVAILABILITY

രാജ്യത്ത് വലിയ തോതിൽ ഗോതമ്പ് ശേഖരം ഉണ്ടെന്ന് കേന്ദ്ര സർക്കാർ. ഗോതമ്പ് വില സൂക്ഷ്മമായി നിരീക്ഷിക്കാനും വില സ്ഥിരതയ്ക്കായി ഉചിതമായ നയ ഇടപെടലുകൾ നടത്തണമെന്നും അധികൃതർക്ക് നിർദ്ദേശം നൽകി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായുടെ അധ്യക്ഷതയിൽ അവശ്യ സാധനങ്ങളുടെ വില നിലവാരം വിലയിരുത്താൻ ഇന്ന് മന്ത്രിതല കമ്മിറ്റി യോഗം ചേർന്നിരുന്നു.

## RBI GOVERNOR

നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ബിഗ് ഡേറ്റ അനലിറ്റിക്സ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ധനകാര്യ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്. മുംബൈയിൽ റിസർവ്വ് ബാങ്ക് സംഘടിപ്പിച്ച ആഗോള സമ്മേളനത്തിൻറെ രണ്ടാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്പദ് സ്ഥിതിയിലെ

അപകട സാധ്യതകളും പ്രവണതകളും കൂടുതൽ കൃത്യമായി തിരിച്ചറിയാൻ നിർമ്മിത ബുദ്ധിയും മെഷീൻ ലേണിംഗും സഹായിക്കുമെന്ന് ശ്രീ.ശക്തികാന്ത ദാസ് പറഞ്ഞു.

## EPFO-MEMBERS

എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട് ഓർഗനൈസേഷനിലെ അംഗങ്ങളുടെ എണ്ണം സർവകാല റെക്കോർഡിൽ. ഇക്കഴിഞ്ഞ ഏപ്രിലിലെ കണക്കനുസരിച്ചു ആകെ 18 ലക്ഷത്തി 92,000 പേർ അംഗങ്ങളായിട്ടുണ്ട്. വർധിച്ച തൊഴിലവസരങ്ങൾ ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ അംഗത്വത്തിലെ വർദ്ധനവിന് കാരണമായിട്ടുണ്ടാവാമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു. ഈ വർഷം ഏപ്രിലിൽ, 8 ലക്ഷത്തി 87,000 പുതിയ അംഗങ്ങൾ എൻറോൾ ചെയ്തു.18 നും 25 നും ഇടയിൽ പ്രായമുള്ളവരാണ് ഇതിൽ 55.50 ശതമാനവും. ഇതിൽ 2 ലക്ഷത്തി 49,000 ത്തോളം പേർ വനിതകളാണ്.

## DEFENCE JOB FAIR (INTRO)

ഉത്തർ പ്രദേശിലെ ഹിൻഡൻ വ്യോമസേനാ താവളത്തിൽ വിമുക്ത ഭടന്മാർക്കായി നാളെ തൊഴിൽ മേള സംഘടിപ്പിക്കും. പ്രതിരോധ മന്ത്രാലയമാണ് തൊഴിൽ മേള സംഘടിപ്പിക്കുന്നത്. മൂന്ന് സേനകളിൽ നിന്നും വിരമിച്ചവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താം. പുനരധിവാസ ഡയറക്ടറേറ്റിൻറെ കീഴിൽ ഒരുക്കുന്ന തൊഴിൽ മേളയിൽ 40 ഓളം കോർപ്പറേറ്റ് കമ്പനികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വ്യത്യസ്ത തൊഴിൽ വിഭാഗങ്ങളിലേക്ക് വിമുക്ത ഭടന്മാർക്ക് നിയമനത്തിന് അവസരം ലഭിക്കും. രാവിലെ 7 മണി മുതൽ 10 വരെയാണ് രജിസ്ട്രേഷൻ. പങ്കെടുക്കുന്നവർ ഐഡൻറിറ്റി കാർഡ്, ബയോഡാറ്റയുടെ 5 പകർപ്പ്, ഫോട്ടോ എന്നിവ കൈവശം കരുതണം.